## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2749** **14-09-2023 - ൽ മറുപടിയ്ക്ക്**

## വ്യവസായ വകുപ്പിന്റെ മീറ്റ് ദി ഇൻവെസ്റ്റർ,മീറ്റ് ദി മിനിസ്റ്റർ പരിപാടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മീറ്റ് ദി ഇൻവെസ്റ്റർ എന്ന പേരിൽ വ്യവസായ വകുപ്പ് നടത്തിയ പരിപാടി വിശദമാക്കാമോ; പ്രസ്തുത പരിപാടി പ്രകാരം സംസ്ഥാനത്ത് എത്ര പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നിക്ഷേപകരുമായി ആശയവിനിമയം നടത്തുന്നതിനായി വ്യവസായ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പരിപാടിയാണ് മീറ്റ് ദി ഇൻവെസ്റ്റർ. നൂറു കോടി രൂപക്ക് മുകളിൽ നിക്ഷേപമുള്ള വ്യവസായ സംരംഭങ്ങളും സ്ഥാപനങ്ങളുമായി വ്യവസായ മന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും നടത്തുന്ന സ്ഥിരം ആശയ വിനിമയ വേദിയാണ് 'മീറ്റ് ദി ഇൻവെസ്റ്റർ'. വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖ കമ്പനികളുടെ/ ഗ്രൂപ്പുകളുടെ പ്രതിനിധികൾ മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയിൽ പങ്കെടുക്കുകയും ഓരോ സംരംഭകന്റേയും, വ്യവസായിയുടെയും അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ശേഖരിക്കുകയും അവർക്കുവേണ്ട സഹായങ്ങൾ എന്തെല്ലാമാണെന്ന് അറിയുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ആവശ്യമുള്ള പിന്തുണ ഉറപ്പാക്കുകയും ചെയ്യുകയെന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.<br><br>നിലവിലുള്ള പദ്ധതികൾക്ക് പുറമേ, പുതിയ നിക്ഷേപ പദ്ധതികൾ, വൈവിധ്യവൽക്കരണ ശ്രമങ്ങൾ തുടങ്ങിയവയും ഇതിന്റെ പരിധിയിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിലുള്ള നിക്ഷേപ സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുകയാണ് 'മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. ഫിക്കി, സി.ഐ.ഐ, ചെറുകിട വ്യവസായ അസോസിയേഷൻ, പ്രവാസി സംരംഭകർ എന്നിവരുമായി പ്രത്യേകം കൂടിക്കാഴ്ച നടത്തിയതിന്റെ തുടർച്ചയിലാണ് ഓരോ സംരംഭക ഗ്രൂപ്പിന്റേയും വിഷയങ്ങൾ പ്രത്യേകമായി ചർച്ച ചെയ്യുന്നതിന് വേദിയൊരുക്കുന്നത്. കൂടിക്കാഴ്ചകളിൽ വ്യവസായ കയർ നിയമ വകുപ്പ് മന്ത്രിക്ക് പുറമെ വ്യവസായ വകുപ്പ് |

| | | | |
|---|---|---|---|
| | | | പ്രിൻസിപ്പൽ സെക്രട്ടറി, കെ.എസ്.ഐ.ഡി.സി എം.ഡി, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ, കിൻഫ്ര എം. ഡി എന്നിവരും പങ്കെടുക്കാറുണ്ട്.<br><br>'മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിയിൽനിന്നും ഉരുത്തിരിയുന്ന പദ്ധതികളുടെ തുടർനടപടികൾ സുഗമമാക്കുന്നതിനും അവയ്ക്ക് നിയമപരമായി സാധ്യമായ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിനും കെ.എസ്.ഐ.ഡി.സി-യെയും കിൻഫ്ര-യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നിന്നുമുള്ള നടപടികളോ അനുമതികളോ ആവശ്യമായ ഘട്ടങ്ങളിൽ അവ സുഗമമാക്കാൻ അതതു മന്ത്രിമാരുമായി നേരിട്ട് തന്നെ പ്രവർത്തിക്കുകയും സഹകരണം ഉറപ്പാക്കുകയും ചെയ്യുന്നു.<br><br>'മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിയിൽ കെ.എസ്.ഐ.ഡി.സി-യുടെ കീഴിൽ മൊത്തം 1269.55 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന 8 പദ്ധതികളിൽ മൂന്ന് പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്. പാലക്കാട് ചിറ്റൂരിൽ സ്ഥിതി ചെയ്യുന്ന **ബ്യൂൽടെക് ഫൗണ്ടേഷന്റെ കൊമേർസിയൽ കെട്ടിട നിർമ്മാണ പദ്ധതി,** കോഴിക്കോട് കിനാലൂർ വ്യവസായ പാർക്കിൽ ആരംഭിച്ച **ആസ്കോ ഗ്ലോബൽ വെൻചുവേർസിന്റെ ബിസ്കറ്റ് നിർമ്മാണ യൂണിറ്റ്,** പാലക്കാട് ഇൻവെസ്റ്റ്മെന്റ് സോണിൽ ആരംഭിച്ച **അത്താച്ചി ഗ്രൂപ്പിന്റെ കോസ്മെറ്റിക് ഉൽപ്പന്നങ്ങളുടെയും മറ്റും നിർമ്മാണ പദ്ധതി** എന്നിവയാണ് നടപ്പിലാക്കിയ മൂന്ന് പദ്ധതികൾ. ഇതുകൂടാതെ എറണാകുളത്ത് ആരംഭിക്കുന്ന അവിഗാ പ്രൈവറ്റ് ലിമിറ്റഡിന്റെ ലോജിസ്റ്റിക്സ് പാർക്ക് പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| (ബി) | മീറ്റ് ദി മിനിസ്റ്റർ പരിപാടി കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്; ഈ പരിപാടിയിൽ നിക്ഷേപകരുടെ എത്ര പരാതികൾ ലഭിച്ചു; ഇവയിൽ എത്ര പരാതികൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | വ്യവസായ വകുപ്പ് മന്ത്രി, ജില്ലകൾ തോറും നേരിട്ട് സംരംഭകരുടെ പരാതി കേൾക്കുന്നതിനായി സംഘടിപ്പിച്ച് വന്ന പരിപാടിയാണ് മീറ്റ് ദി മിനിസ്റ്റർ പരിപാടി. സംരംഭങ്ങൾ ആരംഭിച്ചവർക്കും സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും, തടസ്സങ്ങളും വ്യവസായ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽ നേരിട്ട് അവതരിപ്പിക്കാവുന്നതാണ്. അത്തരം പരാതികൾ ബന്ധപ്പെട്ട വകുപ്പുകളിലൂടെ അടിയന്തിരമായി പരിഹരിക്കുകയും സംരംഭം ആരംഭിക്കുന്നതും നടത്തുന്നതും സുഗമമാക്കുകയും ചെയ്യുകയാണ് പരിപാടിയുടെ ഉദ്ദേശം.<br>മീറ്റ് ദി മിനിസ്റ്റർ പരിപാടി വഴി ഇടുക്കി ഒഴികെ എല്ലാ |

| | | | |
|---|---|---|---|
| | | | ജില്ലകളിലുമായി ആകെ ലഭിച്ച 1500 പരാതികളിൽ 1165 (77.66%) പരാതികൾ നിലവിൽ തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ